ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കർമ്മ പദ്ധതികൾ

132(2333) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ നടപ്പിലാക്കുവാനായി 1521 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി തൊഴിലാളികൾക്ക് വേതന പൂരക പദ്ധതിയുടെ സഹായത്തോടെ മിനിമം വേതനം നടപ്പിലാക്കി വരുന്നു. ഖാദി തുൽപ്പാദകർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയും നൽകുന്നു. ഉല്പാദന പ്രോത്സാഹനം 2014-15 മുതൽ 100% വർദ്ധനവ് നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരുദ്ധാരണത്തിനായി ധനസഹായം നൽകി വരുന്നു. ഖാദി തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ധ്യ വർദ്ധനവിനുമായി ധനസഹായം അനുവദിക്കുന്നുണ്ട്. ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തൊഴിൽദാന പദ്ധതി (എന്റെ ഗ്രാമം പദ്ധതി) കഴിഞ്ഞ 5 വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP) നടപ്പിലാക്കി വരുന്നു. തേനീച്ച വളർത്തൽ പദ്ധതി പരിപോഷിപ്പിക്കു ന്നതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായങ്ങൾക്കുവേണ്ടി ഖാദി ഗ്രാമ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾവഴി ഗ്രാമീണ മേഖലയിൽ ഖാദി ഗ്രാമവ്യവസായങ്ങൾവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.

(സി) പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നു.

ഖാദി, ബീഡി വ്യവസായം

133(2334) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ ഖാദി/ബീഡി മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേഖല സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന വാഗ്ദാനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ഖാദി/ബീഡി മേഖല പ്രതിസന്ധിയിലായതുകാരണം പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരും കുടുംബങ്ങളും അനുഭവിക്കുന്ന ജീവിതപ്രയാസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത മേഖലയിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പരിഹാര മാർഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അത് എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഖാദി മേഖല സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഖാദി മേഖലയുടെ നവീകരണം ലക്ഷ്യമാക്കി പ്രമുഖ ഗാന്ധിയൻ ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും 2012-13 വർഷം 96 ലക്ഷം രൂപയും 2013-14-ൽ പ്രത്യേകമായി 1209 ലക്ഷം രൂപയും ഒറിജിനൽ ബഡ്ജറ്റിൽ 216 ലക്ഷം രൂപയും ചേർത്ത് 1521 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. തുക വിനിയോഗിച്ച് ഖാദി മേഖലയിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly